പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 176

# 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 176

# 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

89/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 176

# 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് (2011-ലെ 3) ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മാർച്ച് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 57-ാം വകുപ്പിന്റെ ഭേദഗതി.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ (2011-ലെ 3) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 57-ാം വകുപ്പിലെ, (7)-ാം ഉപവകുപ്പിൽ, "55 വയസ്സ്" എന്ന വാക്കുകൾക്ക് പകരം "56 വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

89/2013.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2012 മാർച്ച് 26-ാം തീയതിയിലെ 601-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 193/2012 നമ്പരായി പ്രസിദ്ധീകരിച്ച 2012 മാർച്ച് 26-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 183/12/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ ഉദ്യോഗസ്ഥരുടെ വിരമിക്കൽ പ്രായം അൻപത്തിയഞ്ച് വയസ്സിൽ നിന്നും അൻപത്തി ആറ് വയസ്സായി ഉയർത്തി.

(6)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നവരൊഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സാധാരണ വിരമിക്കൽ പ്രായം അൻപത്തി അഞ്ച് വയസ്സ് ആയിരിക്കുന്നതാണെന്ന് 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് (2011-ലെ 3) ലെ 57-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 26-3-2012 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സർക്കാർ കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ വിരമിക്കൽ പ്രായം 55 വയസ്സിൽ നിന്നും 56 വയസ്സായി ഉയർത്തിയതിനാൽ 6-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നവരൊഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർക്ക് പ്രയോജനം ലഭ്യമാകുന്നവിധം 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ 57-ാം വകുപ്പിലെ (7)-ാം ഉപവകുപ്പ് ഭേദഗതി വരുത്താൻ തീരുമാനിച്ചു.

നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നല്കേണ്ടിയിരുന്നതിനാലും, കേരള ഗവർണ്ണർ 2012-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2012, നവംബർ 3-ാം തീയതി വിളംബരപ്പെടുത്തുകയും, അത് 2012-ലെ 57-ാം നമ്പർ ഓർഡിനൻസായി 2012, നവംബർ 5-ാം തീയതിയിലെ 1105-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2012-ലെ 57-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് 168-ാം നമ്പർ ബില്ലായി ഒരു ബിൽ പ്രസിദ്ധീകരിച്ചുവെങ്കിലും 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 1) ഗവർണ്ണർ 2013 ജനുവരി 9-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2013 ജനുവരി 10-ാം തീയതിയിലെ 95-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2013-ലെ ഓർഡിനൻസ് നമ്പർ 1-ന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

കെ. പി. മോഹനൻ

(ശരിത്തർജ്ജമ)

## 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
(2011-ലെ 3)

** ** ** **

57. <u>അദ്ധ്യാപകരുടേയും ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനങ്ങൾ.</u>—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ബോർഡ് ഓഫ് മാനേജ്മെന്റ് സർവ്വകലാശാലയിലെ അദ്ധ്യാപക സ്റ്റാഫിലെ അംഗങ്ങളെ നിയമിക്കേണ്ടതാണ്.

** ** ** **

(6) ഡീനുകൾ, രജിസ്ട്രാർ, ഡയറക്ടർമാർ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ സാധാരണ വിരമിക്കൽ പ്രായം അറുപത് ആയിരിക്കുന്നതാണ്.

(7) 6-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നവരൊഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സാധാരണ വിരമിക്കൽ പ്രായം അൻപത്തിയഞ്ച് വർഷം ആയിരിക്കുന്നതാണ്.

** ** ** **